# കുറ്റവാളിയെ കുറ്റകൃത്യം നടന്ന രാജ്യത്തിനു കൈമാറുക , പരസ്പര നിയമ സഹായം , എന്നിവയിൽ ഇന്ത്യാ- യുകെ സംഭാഷണം

ഫെബ്രുവരി 21, 2017

കുറ്റവാളിയെ കുറ്റകൃത്യം നടന്ന രാജ്യത്തിനു കൈമാറുക , പരസ്പര നിയമ സഹായം എന്നിവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ ഒരു പുതിയ വട്ട സംഭാഷണം ഇന്ത്യക്കും യുകെക്കുമിടയിൽ ഉദ്യോഗസ്ഥർ തമ്മിൽ ന്യൂഡെൽഹിയിൽ വച്ച് 20,21 ഫെബ്രുവരി 2017 തീയതികളിൽ നടന്നു

ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി - കോൺസുലാർ, പാസ്പോർട്ട് & വിസ നയിച്ചു , ആഭ്യന്തര മന്ത്രാലയം, ലോ& ജസ്റ്റിസ് മന്ത്രാലയം , സിബിഐ ഉൾപ്പെടെ അന്വേഷണ ഏജൻസികൾ, എൻഫോഴ്സ്മെന്റ് ഡിറക്ടറേറ്റ് , ഇതുമായി ബന്ധപ്പെട്ട സ്റ്റേറ്റ് അതോറിറ്റീസ് എന്നിവിടങ്ങളിലെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. യുകെ പ്രതിനിധികളെ നയിച്ചത് , എക്സ്ട്രാഡിഷൻ , പരസ്പര നിയമ സഹായത്തിനുള്ള യുകെ സെൻട്രൽ അതോറിറ്റി , യു,കെ ഹോം ഓഫീസ് തലവനായിരുന്നു, ക്രൌൺ പ്രോസിക്യൂഷൻ സെർവീസ് ,ന്യൂഡെൽഹിയിലെ യുകെ ഹൈകമ്മീഷൻ എന്നിവിടങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു

യുകെ പ്രധാനമന്ത്രി നവംബർ 2016 ൽ ഇന്ത്യ സന്ദർശിക്കവേ നടത്തിയ തീരുമാനത്തെ ആസ്പദമാക്കിയാണ് യോഗം നടന്നത്; ഇരു രാജ്യങ്ങളിലേയും നിയമ പ്രക്രിയകൾ, ആവശ്യങ്ങൾ ; മികച്ച പ്രവർത്തനങ്ങൾ പങ്ക് വയ്ക്കൽ , കേസുകളിൽ കാലതാമസങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുക, ഇനിയും പരിഹരിക്കാത്ത കേസുകൾ പരിശോധിയ്ക്കുകയും അതിലൂടെ കുറ്റവാളികൾ, അഭയാർഥികൾ എന്നിവർ നിയമത്തെ മറികടന്നു രക്ഷപ്പെടുന്നത് തടയുക, തുടങ്ങിയ വിഷയത്തിൽ കൂടുതൽ ധാരണകൾ വികസിപ്പിക്കുന്നതിന് കുറ്റവാളി കൈമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ യോഗം എത്രയും പെട്ടെന്നു ചേരണമെന്നു അന്ന് ഇരു നേതാക്കളും നിർദേശിച്ചിരുന്നു

ഇരു രാജ്യങ്ങളിലേയും നിയമ പ്രക്രിയകളെ കുറിച്ചും ഇരു ഭാഗത്തും ഇനിയും ബാക്കിയുള്ള കുറ്റവാളി കൈമാറ്റം, പരസ്പര നിയമ സഹായ അപേക്ഷകളുടെ പരിശോധന എന്നിവയും വളരെ വിശദമായും ഫലപ്രദവുമായ രീതിയിലാണ് ഇരു വിഭാഗവും കൈകാര്യം ചെയ്തത് . നിയമ സഹകരണം ശക്തമാക്കുവാനും ബാക്കിയായ അപേക്ഷകൾ കൂടുതൽ പരിശോധിക്കുവാനുമുള്ള തങ്ങളുടെ തീരുമാനം ഇരു വിഭാഗവും ഉറപ്പിച്ചു പറഞ്ഞു. ഇരു രാജ്യങ്ങളിലേയും സെൻട്രൽ അതോറിറ്റികൾ ഈ കേസുകളിലെ പുരോഗതികൾ ഓരോ ആറു മാസം കൂടുമ്പോഴും വീഡിയോ കോൺഫറൻസ് വഴി പരിശോധിക്കും എന്നും തീരുമാനിച്ചു

ന്യൂഡെൽഹി
ഫെബ്രുവരി 21, 2017